LIBRARY ARCHIVES Kerala Legislative Assembly

കർഷക ആത്മഹത്യകൾ

14 (*134) ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരമേറ്റതിനുശേഷം നടന്ന കർഷക ആത്മഹത്യകളെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുമോ;

(ബി) കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവുമൂലം വായ്പാ തിരിച്ചടവ് ശേഷി നഷ്ടപ്പെടുന്നതാണ് കർഷക ആത്മഹത്യകൾക്ക് കാരണം എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; അവ ഫലം കണ്ടുവോ;

(ഡി) കാർഷിക ഉല്പന്നങ്ങളുടെ സംഭരണം ഊർജ്ജിതപ്പെടുത്തി വിലയിടിവ് തടയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിലയിടിവ് തടയുന്നതിനായി ഈ നടപടികൾ എത്രമാത്രം സഹായിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) നിലവിലുള്ള സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ കാരണങ്ങളാൽ 66 കർഷകർ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്നത് കർഷക ആത്മഹത്യയുടെ കാരണങ്ങളിൽ ഒന്നായി കണക്കാക്കുന്നു.

(സി&ഡി) കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

- കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കിലോയ്ക്ക് 21.50 രൂപ നിരക്കിൽ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരണം നടത്തുന്നുണ്ട്.

- കേരഫെഡ് മുഖേന കിലോയ്ക്ക് 25/-രൂപ നിരക്കിൽ വയനാട്, ഇടുക്കി, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിലെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നുണ്ട്.

- പച്ചക്കറി കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മോചിപ്പിക്കുന്നതിനായി കർഷകരിൽനിന്നും ഹോർട്ടിക്കോർപ്പ് (HORTICORP) പച്ചക്കറികൾ നേരിട്ട് സംഭരിക്കുന്നുണ്ട്. സംസ്ഥാനത്തെ 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും ഉല്പന്നങ്ങൾ നേരിട്ട് വിൽക്കുന്നതിനുള്ള സൗകര്യം കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

- റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സബ്സിഡിയായി നൽകുന്നു.

കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ നടപടികൾ സഹായകരമായിട്ടുണ്ട്. .

നെൽകൃഷി വികസന പദ്ധതി

15 (*135) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് നെല്ലുല്പാദനം കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സുസ്ഥിരവും സമഗ്രവുമായ നെൽകൃഷി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് നടപ്പിലാക്കിയത്; ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly